# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 07/2019(13), ചൊവ്വാഴ്ച — തീയ്യതി 12.02.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 13.02.2019 | 14.02.2019 | 15.09.2019 | 16.02.2019 | 17.02.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 16 | 16 | 14 | 6 | 16 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 70 | 250 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| തെങ്ങ് | - | പരിചരണ മാർഗ്ഗങ്ങൾ | തെങ്ങിൻതടങ്ങളിൽ ഈർപ്പം നില നിർത്തുന്നതിന് പച്ചയോ, ഉണങ്ങിയതോ ആയ ചകിരി, ഇലകൾ, തെങ്ങോലകൾ എന്നിവ ഉപയോഗിച്ച് തടങ്ങളിൽ പുതയിടുക. തെങ്ങിന്റെ ഏറ്റവും താഴത്തെ ഒന്നോ രണ്ടോ ഓലകൾ വെട്ടിമാറ്റുക. തടിയിൽ ചൂടേൽക്കുന്നത് കുറയ്ക്കാൻ 2 മീറ്റർ ഉയരംവരെ ചുണ്ണാമ്പ് പൂശുക. മണ്ണിന്റെ താപനില ക്രമീകരിക്കാൻ ജൈവാംശം നിലനിർത്തുക. കണിക ജലസേചന രീതി വഴി നനയ്ക്കുക. |
| വാഴ | - | പരിചരണ മാർഗ്ഗങ്ങൾ | കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുക്കാലുകൾ കൊടുക്കേണ്ടതാണ്. |
| നെല്ല് (കോൾപാടങ്ങളിൽ) | കൊയ്ത്ത് പരുവം | മുഞ്ഞ | നെല്ലിലെ മുഞ്ഞയെ നിയന്ത്രിക്കാൻ<br>➢ പാടങ്ങളിലെ വെള്ളം വാർത്ത് കളയുക<br>➢ രണ്ട് ഗ്രാം തയാമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ഇമിഡാക്ലോപ്രിഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| പച്ചക്കറികൾ (പയർ) | കായ്ക്കുന്ന പരുവം | കുരുടിപ്പ് | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂററി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. 10 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക. |
| മൃഗസംരക്ഷണം | തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക. (സി.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി) | | |